# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### ബഹുനില കെട്ടിടങ്ങളുടെ സുരക്ഷ

നക്ഷത്രചിഹ്നമിട്ട ചോദ്യം : *299 16.12.15- ൽ മറുപടി പറയേണ്ടത്.

| | ചോദ്യം<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>,, എ.കെ.ബാലൻ<br>,, വി.ശിവൻകുട്ടി<br>,, പി.ശ്രീരാമകൃഷ്ണൻ | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>നഗരകാര്യവുംന്യൂനപക്ഷക്ഷേമവുംവകുപ്പുമന്ത്രി |
|---|---|---|---|
| (എ) | ബഹുനില കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കാനുള്ള നാഷണൽ ബിൽഡിംഗ് കോഡ് സംസ്ഥാനത്ത് നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | നാഷണൽ ബിൽഡിംഗ് കോഡിന്റെയും സർക്കാർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ വിശദീകരിക്കാമോ; | (ബി) | കേരള മുനിസിപ്പൽ/പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നത്. നാഷണൽ ബിൽഡിംഗ് കോഡ് കെട്ടിട നിർമ്മാണത്തിനുള്ള ഒരു മാർഗ്ഗരേഖ മാത്രമാണ്, അത് നിയമമല്ല. എന്നാൽ നാഷണൽ ബിൽഡിംഗ് കോഡിന്റെ ചില ഭാഗങ്ങൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾ പ്പെടുത്തിയിട്ടുണ്ട്.<br>08-12-2015-ൽ പുറപ്പെടുവിച്ച സ.ഉ(എം.എസ്) 249/2015/ആഭ്യന്തരം നമ്പർ ഉത്തരവിൽ നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ-2005 കെട്ടിട നിർമ്മാണത്തിനുള്ള മാർഗ്ഗരേഖ മാത്രമായതിനാൽ കെട്ടിട നിർമ്മാണം സംബന്ധിച്ച് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിലെ നിയമ വ്യവസ്ഥകൾ അനുവർത്തിക്കുവാനും, പ്രസ്തുത നിയമത്തിൽ നിർ ദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത മേഖലകളിൽ മാത്രം നാഷണൽ ബിൽഡിംഗ് കോഡ്-2005 അനുവർത്തിച്ചാൽ മതിയെന്നും തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഫയർ ഫോഴ്സ് മേധാവിയായിരിക്കെ ഡി.ജി.പി. ഡോ. ജേക്കബ്ബ് തോമസ്, എൻ.ബി.സി. പാലിച്ച കെട്ടിടങ്ങൾക്ക് മാത്രം അനുമതി നൽകിയാൽ മതിയെന്ന് തീരുമാനിച്ചതായി അറിവുണ്ടോ; എങ്കിൽ ഇപ്രകാരം അനുമതി നിഷേധിക്കപ്പെട്ട പ്രോജക്ടുകൾ എത്രയായിരുന്നു; അവ ഏതൊക്കെയാണ് ; വിശദമാക്കുമോ; | (സി) | ഉണ്ട്. ഫയർ ആന്റ് റസ്ക്യൂ സർവ്വീസസിന്റെ എൻ.ഒ.സി ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച 46 അപേക്ഷകൾ ഡോ. ജേക്കബ്ബ് തോമസ് ഡി.ജി.പി. താല്ക്കാലികമായി നിരസിച്ചിരുന്നു. പ്രസ്തുത അപേക്ഷകരുടെ പേരും, മേൽ വിലാസവും അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | മന്ത്രിസഭാ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ഇക്കാര്യത്തിലെടുത്ത നിലപാട് എന്താണ്; വിശദമാക്കുമോ? | (ഡി) | നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ 2005 കെട്ടിട നിർമ്മാണത്തിനുള്ള മാർഗ്ഗരേഖ മാത്രമായതിനാൽ കെട്ടിട നിർമ്മാണം സംബന്ധിച്ച് കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ എന്നിവയിലെ നിയമ വ്യവസ്ഥകൾ അനുവർത്തിക്കുവാനും പ്രസ്തുത നിയമത്തിലെ നിർ ദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത മേഖലകളിൽ മാത്രം നാഷണൽ ബിൽഡിംഗ് കോഡ് 2005 അനുവർത്തിച്ചാൽ മതിയെന്നും തീരുമാനിച്ച് സർക്കാർ ഉത്തരവ് (എം.എസ്) നം.249/2015/ആഭ്യന്തരം തീയതി: 08-12-2015 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | അപേക്ഷന്റെ പേര് |
|---|---|
| 1. | ശ്രീ.ജോൺ കോശി, കല്ലട തകിടി പറമ്പിൽ<br>തിരുവല്ല |
| 2. | ശ്രീമതി.അമ്മു ആന്റ് അദേഴ്സ്<br>മോഹൻ വില്ല ജി7<br>പൂണിത്തുറ |
| 3. | സെക്രട്ടറി, ബി.പി.സി.എൽ<br>കൊച്ചി റിഫൈനറി ഓഫീസേഴ്സ്, കോ-ഓപ്പറേറ്റീവ്<br>ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റി, ലി.നം.ഇ 1190<br>പെട്രോ പാലസ്, XIX/18, തൃപ്പൂണിത്തുറ |
| 4. | ശ്രീ.അബു.സി അബ്രഹാം<br>ചക്കാലപ്പറമ്പിൽ ഹൗസ്<br>പുത്തനങ്ങാടി.പി.ഒ, കോട്ടയം |
| 5. | ശ്രീ.വർഗ്ഗീസ് മാത്യു<br>പി.പി.ഹോൾഡർ ആന്റ് ജോൺ മാത്യു<br>തെക്കേടത്ത് ബേബി ഗാർഡൻ, ഉള്ളൂർ, മെഡിക്കൽ<br>കോളെജ് |
| 6. | ശ്രീ.നിസാമുദ്ദീൻ<br>താഴേ പീടികയിൽ, വി.കെ.സി.പി.ഒ, വടക്കോട്കര,<br>തൃക്കാക്കര നോർത്ത്, എറണാകുളം 68201 |
| 7. | എസ്.ജി.അക്കാഡമിക്സ് എസ്റ്റാബ്ളിഷ്ഡ്<br>പ്രൈ..ലിമിറ്റഡ്<br>സി-310, യൂണിടെക് ബിസിനസ്സ് സോൺ<br>നിർവ്വാണ, കൺട്രി സൗത്ത് സിറ്റി-11 ഗുർഗോൺ-122018,<br>ഹരിയാന |
| 8. | ശ്രീമതി.മീര സോമൻ<br>അദീന, ഈസ്റ്റ് കൊടുങ്ങല്ലൂർ<br>യു.സി.കോളെജ്.പി.ഒ<br>എറണാകുളം 683 102 |
| 9. | ശ്രീ.നൗഷാദലി.കെ<br>കൈനിക്കര ഹൗസ്<br>തിരൂർ |
| 10. | ശ്രീ.പി.മുസ്തഫ മൂസ ആന്റ് അദേഴ്സ്<br>ഫൗസിയാസ്, ആനയിടുക്ക്, താന, കണ്ണൂർ |
| 11. | ശ്രീ.രവിശങ്കർ ആന്റ് അദേഴ്സ്<br>മെരിട്രാ ഹോംസ്. പ്രൈ.ലി., വളമറ്റം എസ്റ്റേറ്റ്, രവിപുരം |
| 12. | മാനേജിംഗ് ഡയറക്ടർ<br>ഒക്സോനിയ ബിൽഡേഴ്സ് ആന്റ് ഡെവലപ്പേഴ്സ് (പ്രൈ)<br>ലിമിറ്റഡ്,<br>ഡോർ നം.50/2344, ബി-1 2nd ഫ്ളോർ, എ5.ടവർ,<br>ഇടപ്പിള്ളി, എറണാകുളം |
| 13. | ശ്രീ.കെ.പി.മുഹമ്മദ് അലി<br>സ്വസ്തം, നിയർ പ്രസൻറ്റേഷൻ സ്കൂൾ, ചേവയൂർ,<br>കോഴിക്കോട് |
| 14. | ആനി, പ്രേമി ആന്റ് ഇസബെല്ല<br>കളപ്പുരയ്ക്കൽ ഹൗസ്, ചകോളാസ് കോളനി,<br>പേരനാനൂർ.പി.ഒ |
| 15. | റ്റി.എസ്.അശോക്<br>ആർടെക് റിയൽറ്റേഴ്സ് (പ്രൈ)ലിമിറ്റഡ്<br>റ്റി.സി-24/2014(1), തൈയ്ക്കാട്, തിരുവനന്തപുരം |
| 16. | ശ്രീ.മോഹൻ ആന്റ് ശ്രീമതി. ജയലക്ഷ്മി<br>ശ്രീലക്ഷ്മി, റ്റി.സി-5/1965(4)<br>പൈപ്പ് ലൈൻ റോഡ്, കവടിയാർ.പി.ഒ<br>തിരുവനന്തപുരം |

| | |
|---|---|
| 17. | ശ്രീ.മാർട്ടിൻ തോമസ്<br>ഫേവറൈറ്റ് കൺസ്ട്രക്ഷൻസ് (പ്രൈ)ലി.<br>റ്റി.സി-26/2469<br>സ്റ്റാറ്റ്യൂ, ജനറൽ ഹോസ്പിറ്റൽ റോഡ്, തിരുവനന്തപുരം 695 001 |
| 18. | ശ്രീ.കെ.വി.അബ്ദുൽ അസീസ്<br>യോർക്ക് പ്രോപ്പർട്ടീസ് ആന്റ് ഡെവലപ്പേഴ്സ് (പ്രൈ) ലിമിറ്റഡ്, കോഴിക്കോട് |
| 19. | മെ.ക്ളേസിസ് ടെക്നോളജീസ് (പ്രൈ) ലി. അതുല്യ ബിൽഡിംഗ്<br>ഇൻഫോ പാർക്ക്, കാക്കനാട് |
| 20. | ശ്രീ.ഷാജി.കെ.മാത്യൂ (ownership changed to) ഡയറക്ടർ, മെ.കെ.വി.അപ്പാർട്ട്മെന്റ്സ് (പ്രൈ)ലി.ഫസ്റ്റ് ഫ്ളോർ, അഞ്ചന കോംപ്ളക്സ്, വൈറ്റില,<br>അരൂർ ബൈ പാസ്സ് റോഡ്<br>മാറാട്.പി.ഒ, കൊച്ചിൻ 682 304 |
| 21. | ശ്രീമതി.ഗ്രേസി ചാക്കോ ആന്റ് ത്രീ അദേഴ്സ്,<br>പുളിമൂട്ടിൽ ഹൗസ്, മുട്ടമ്പലം.പി.ഒ, കഞ്ഞിക്കുഴി, കോട്ടയം |
| 22. | ശ്രീ.അബ്ദുൽ റഹ്മാൻ ആന്റ് അദേഴ്സ്<br>പരപ്പൻ ഹൗസ്, മുന്നിയൂർ.പി.ഒ, മലപ്പുറം |
| 23. | ശ്രീ.കെ.എം.മാത്യൂ<br>കാവാലം ഹൗസ്, കനകപാലം.പി.ഒ<br>കോട്ടയം |
| 24. | ശ്രീ.ജോസ് തോമസ്<br>8/1723, മന്ത്ര റോഡ്<br>കൊച്ചിൻ |
| 25. | ഡോ.ഹഫീസ് റഹ്മാൻ.പി.എ<br>36/1906<br>റഹ്മാൻ സെബാസ്റ്റ്യൻ റോഡ്<br>കലൂർ, എറണാകുളം |
| 26. | ശ്രീ.റെയാൻ മാർകോസ്<br>ശ്രീ നക്ഷത്ര, റ്റി.സി-27/558(1)<br>മമത ബിൽഡിംഗ്, പാറ്റൂർ<br>വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം |
| 27. | ശ്രീ.എം.കെ.അബ്ദുള്ള കോയ<br>ജബീറ ഡി-5<br>ഓയ്സ്റ്റർ ബോയ് കോൺവെന്റ് റോഡ്<br>നിയർ ടാഗോർ ഹാൾ, കോഴിക്കോട് |
| 28. | ശ്രീ.വി.പി.സെയ്യദ് അലവി<br>മാനേജിംഗ് ഡയറക്ടർ<br>ക്ളിയർവെ ബിൽഡേഴ്സ് പ്രൈ.ലിമിറ്റഡ്<br>കൊച്ചി |
| 29. | ശ്രീ.എൻ.അയ്യപ്പൻ ഉണ്ണിത്താൻ<br>മാനേജിംഗ് ഡയറക്ടർ<br>കോർഡോൺ കൺസ്ട്രക്ടേഴ്സ് ആന്റ് റിയൽറ്റേഴ്സ് പ്രൈ.ലിമിറ്റഡ്<br>റ്റി.സി 5/1230-8, രാമചന്ദ്രിക ടവർ<br>പൈപ്പിൻമൂട്, പേരൂർക്കട.പി.ഒ |
| 30. | ശ്രീ.റ്റി.ജോസഫ് ആന്റ് അദേഴ്സ്<br>കെ.റ്റി.പി ഉണ്ണിത്താൻ നമ്പൂതിരി<br>എസ്.ബി.റ്റി.ഓഫീസേഴ്സ് ഹൗസിംഗ് കോർപ്പറേറ്റീവ് സൊസൈറ്റി, കോഴിക്കോട് |

| | |
|---|---|
| 31. | ഡോ.പത്മജ ശശി<br>ശ്രീ.സുരേഷ്.എം.പിള്ള ആന്റ് ഡോ.എം.ശശിധരൻ,<br>ഹൊറൈസൺ പാർക്ക് ഫ്ളാറ്റ് നം.12 ക്യൂ,<br>ആൽത്തറ, തിരുവനന്തപുരം |
| 32. | ശ്രീ.അഭിലാഷ് കുമാർ<br>ഇൻഫോസിസ് ലിമിറ്റഡ് (SEZ Campus)<br>സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ് ബ്ളോക്ക്-4<br>ടെക്നോപാർക്ക് ക്യാമ്പസ്-II<br>ആറ്റിപ്ര, തിരുവനന്തപുരം |
| 33. | ശ്രീ.ലിയോ ലൂയിസ് ആന്റ് അദേഴ്സ്<br>മാനേജിംഗ് ഡയറക്ടർ<br>പ്രഷ്യസ് ഹോംസ് ആന്റ് പ്രോജക്ട്സ് ഇൻഡ്യാ (പ്രൈ) ലിമിറ്റഡ്<br>10/815/16, ലൂയിസ് കൊമേഴ്സ്യൽ<br>കോംപ്ളക്സ്,തൃശ്ശൂർ |
| 34. | ശ്രീമതി.രാധാ നമ്പൂതിരി<br>ചങ്ങലൂർ മന, പേരമംഗലം.പി.ഒ, തൃശ്ശൂർ |
| 35. | ശ്രീമതി.രഞ്ജന<br>എ6 സ്ട്രീറ്റ്, ജവഹർ നഗർ, കവടിയാർ.പി.ഒ<br>തിരുവനന്തപുരം. |
| 36. | ശ്രീ.ഫ്രാങ്ക്ളിൻ ഡേവിസ്<br>അക്കര, അക്കര ഹൗസ്, കുട്ടനെല്ലൂർ.പി.ഒ<br>തൃശ്ശൂർ |
| 37. | ശ്രീ.അനന്ത നാരായണൻ<br>ഹരിശ്രീ, ഒലവക്കോട്, പാലക്കാട് |
| 38. | ശ്രീ.സി.ജെ.ജെയിംസ്<br>മാനേജിംഗ് ഡയറക്ടർ<br>തൊടുപുഴ ക്ളബ് (പ്രൈ) ലിമിറ്റഡ്<br>തൊടുപുഴ |
| 39. | മാനേജർ/പ്രൈയോർ<br>എസ്.എച്ച്.കോളെജ്,<br>എസ്.എച്ച് മൊനാസ്ട്രി<br>തേവര, കൊച്ചിൻ 682 013 |
| 40 | ശ്രീ.കെ.കെ.രാജൻ<br>കൃഷ്ണൻ, ഐശ്വര്യ നഗർ<br>കുന്നത്തൂർമേട്, പാലക്കാട് |
| 41. | ശ്രീ.പി.എ.ജിഹാസ്<br>ഹൗസ് നം.35/423 ബി<br>വസന്ത് നഗർ, പാലാരിവട്ടം.പി.ഒ, കൊച്ചി |
| 42. | ശ്രീ.കെ.കെ.രാജൻ<br>കൃഷ്ണ, ഐശ്വര്യ നഗർ<br>കുന്നത്തൂർ മേട്, പാലക്കാട് |

| | |
|---|---|
| 43. | ശ്രീ.ഷാജി ജോർജ്ജ്, ശ്രീ.തോമസ് ജോർജ്ജ് ആന്റ് ശ്രീമതി.ജോളി ജോർജ്ജ്<br>കിഴക്കേതിൽ ഹൗസ്<br>ഓമല്ലൂർ.പി.ഒ, പത്തനംതിട്ട |
| 44. | ശ്രീ.വി.അബൂബക്കർ ആന്റ് അദേഴ്സ്<br>3/1289, ZALAL<br>ടെലിഫോൺ ഓഫീസിന് എതിർവശം<br>ഗാന്ധി റോഡ്, കോഴിക്കോട് |
| 45. | കൺവീനർ<br>കിൻഫ്രാ ഹൈടെക് പാർക്ക്<br>എസ്.ഡബ്ള്യൂ.സി.ബി, കളമശ്ശേരി 683 503 |
| 46. | ശ്രീ.എ.ബാലൻ<br>മാനേജിംഗ് ഡയറക്ടർ<br>മെ.കെ.ആർ.ബേക്കേഴ്സ്.പ്രൈ.ലിമിറ്റഡ്<br>8/1 എ, കെ.ആർ.ജി നഗർ<br>ഗണപതി, കോയമ്പത്തൂർ 641 006 |

09.12.15

ജോ കുരുവിള ഈശോ
ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ)
ഡയറക്ടർ ജനറലിനു വേണ്ടി

Sb//12//HQ-C—014.

(ശരിപകർപ്പ്)

സെക്ഷൻ ഓഫീസർ

M10...
58217/Fa/15/Home

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

## സംഗ്രഹം

ആഭ്യന്തരവകുപ്പ് - കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് - പന്ത്രണ്ട് മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾക്ക് അഗ്നിരക്ഷാ വകുപ്പിന്റെ എൻ.ഒ.സി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്ക്കരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ആഭ്യന്തര (എഫ്) വകുപ്പ്

സ.ഉ.(എം.എസ്)നമ്പർ: 249/2015/ആഭ്യന്തരം തിരുവനന്തപുരം, തീയതി,08.12.2015.

പരാമർശം:
1) കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന്റെ 23.06.2015 തീയതിയിലെ 05/2015 നമ്പർ സർക്കുലർ.
2) കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 16.07.2015 തീയതിയിലെ 6183/15 നം. നടപടി ക്രമം.
3) സർക്കാരിന്റെ 12.11.2015 തീയതിയിലെ സ.ഉ.(സാധാ) 2899/2015/ആഭ്യ. നം.ഉത്തരവ്.
4) കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 17/11/2015 ലെ ജി 1 /6183/2015 നം. കത്ത്.

## ഉത്തരവ്

ബഹുനില കെട്ടിടങ്ങൾക്ക് ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്നും എൻ.ഒ.സി. നൽകുന്നതിലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന പ്ലാനുകൾക്ക് ആദ്യം സൈറ്റ് എൻ.ഒ.സി നൽകിയും കെട്ടിടം പൂർത്തിയായതിനുശേഷം അഗ്നിശമന സേവന വകുപ്പിൽ നിയോഗിച്ചിട്ടുള്ള പ്രത്യേക കമ്മിറ്റി കെട്ടിടം പരിശോധിച്ച് അഗ്നിസുരക്ഷാ ഉറപ്പ് വരുത്തിയതിനുശേഷം അന്തിമ നിരാക്ഷേപ സാക്ഷ്യപത്രം നൽകി വന്നിരുന്നു.

2) എന്നാൽ പരാമർശം 1, 2 എന്നിവ പ്രകാരം 12 മീറ്ററിന് മുകളിലുള്ള ബഹുനില കെട്ടിടങ്ങൾക്ക് സൈറ്റ് എൻ.ഒ.സി/ഫൈനൽ എൻ.ഒ.സി എന്നിവ നൽകുന്നതിലേക്കുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും മാറ്റം വരുത്തുകയും, പാർട്ട് II എൻ.ബി.സി. നിർബന്ധമായി പാലിക്കപ്പെടേണ്ടതാണെന്ന് നിഷ്കർഷിക്കുകയും ചെയ്തു. ഈ കാരണത്താൽ സൈറ്റ് എൻ.ഒ.സി ലഭിച്ച് നിർമ്മാണം പൂർത്തിയായ പല കെട്ടിടങ്ങൾക്കും അഗ്നിസുരക്ഷാ വകുപ്പിന്റെ അന്തിമ നിരാക്ഷേപ സാക്ഷ്യ പത്രം ലഭിക്കാതെ വന്നു.

3) ഈ സാഹചര്യത്തിൽ മേൽവിഷയം പരിശോധിക്കുന്നതിലേക്ക് സൂചന 3 പ്രകാരം സർക്കാർ ഒരു സമിതിയെ ചുമതലപ്പെടുത്തുകയും, പ്രസ്തുത സമിതി മുമ്പാകെ കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ-2005 കെട്ടിട നിർമ്മാണത്തിനുള്ള മാർഗ്ഗരേഖ മാത്രമായതിനാൽ കെട്ടിട നിർമ്മാണം സംബന്ധിച്ച് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിലെ നിയമ വ്യവസ്ഥകൾ അനുവർത്തിക്കുവാനും, പ്രസ്തുത നിയമത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത മേഖലകളിൽ മാത്രം നാഷണൽ ബിൽഡിംഗ് കോഡ്-2005 അനുവർത്തിച്ചാൽ മതിയെന്നും തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജിജി തോംസൺ**
ചീഫ് സെക്രട്ടറി

1) ഡയറക്ടർ ജനറൽ, കേരള ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്, തിരുവനന്തപുരം.
2) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ)
3) തദ്ദേശ സ്വയംഭരണ വകുപ്പ്.
4) നിയമ വകുപ്പ് ( U.O (R) No.26863/opinion E1/15/Law)
5) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

VBeena

സെക്ഷൻ ഓഫീസർ

(ശരിപകർപ്പ്)

സെക്ഷൻ ഓഫീസർ